**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 817 | 05.06.2018 - ൽ മറുപടിക്ക്

# വിനോദസഞ്ചാര മേഖലകളിൽ മതിയായ സുരക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിദേശ വിനോദസഞ്ചാരി കൊല്ലപ്പെട്ടതുൾപ്പെടെയുള്ള അപകടങ്ങൾ വിനോദസഞ്ചാര മേഖലയിലുണ്ടായിട്ടുള്ള കാര്യം ഗൗരവമായി കാണുന്നുണ്ടോ; | എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും അത്തരം അവസരങ്ങളിലെല്ലാം വളരെ ജാഗ്രതയോടെയാണ് പ്രവർത്തിച്ചിട്ടുള്ളത്. |
| ബി) മതിയായ സുരക്ഷ ഒരുക്കുന്നതിന് വീഴ്ച വരുത്തുന്നതാണ് ഇത്തരം അപകടങ്ങൾക്ക് ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | ബി) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾക്ക് കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി വേണ്ട പരിശോധനകൾ നടത്തി കൂടുതൽ കരുതൽ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) വിനോദസഞ്ചാര മേഖലകളിലെ സുരക്ഷിതത്വമില്ലായ്മ വിനോദസഞ്ചാരികൾ സംസ്ഥാനത്തേക്ക് | സി) | കേരളത്തിലെ വിനോദസഞ്ചാര മേഖലകളിൽ ആവശ്യമായ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നുണ്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ വാർത്തയായതിനെ |

വരുന്നതിനെ നിരുത്സാഹ പ്പെടുത്തുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

തുടർന്ന് കൂടുതൽ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ വിനോദ സഞ്ചാരികളുടെ വരവിനെ നിരുത്സാഹ പ്പെടുത്തിയിട്ടുള്ളതായി കരുതുന്നില്ല.

ഡി) എങ്കിൽ മതിയായ സുരക്ഷയൊരുക്കിയിട്ടുണ്ടെന്ന കാര്യം സഞ്ചാരികളെ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഡി) കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ ഉണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത അടിയന്തര യോഗം 10.5.2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും, ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരു തലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് വിനോദസഞ്ചാര വകുപ്പ് അടിയന്തരമായി നടപ്പിലാക്കി വരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ ക്കായി 18.05.2018 ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെട്ട പോലീസ് മേധാവിയുടെ സർക്കുലർ പുറപ്പെടുവി ച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകളും എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്ന തിന്റെ ഭാഗമായി ബോധവത്ക്കരണവും വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണ

ത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും 150 സിവിൽ പോലീസ് ഓഫീസർമാരെയുമാണ് കേരളത്തിൽ വിവിധ ജില്ല കളിലായി നിയോഗിച്ചിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് പട്രോളിംഗ് കൂടുതൽ വിപുലീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ, ജീവഹാനി യോ സംഭവിക്കാൻ സാദ്ധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. അപകട സാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ

സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ